# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2643** **12.03.2018-ൽ മറുപടിക്ക്**

## സർക്കാർ സ്കൂളുകളിൽ ലാപ് ടോപ്പ് വിതരണപദ്ധതി

ചോദ്യം **ഉത്തരം**

**ശ്രീ.അനിൽ അക്കര** പ്രൊഫ: സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) ഐറ്റി അറ്റ്സ്കൂൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നടപ്പിലാക്കുന്ന ലാപ് ടോപ്പ് വിതരണപദ്ധതി ഏത് ഘട്ടത്തിലാണ്; | എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി വരികയാണ്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് ഓരോ ക്ലാസിലേക്കും ലാപ്ടോപ് കമ്പ്യൂട്ടർ ഉൾപ്പെടെ സീലിങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ സ്ക്രീൻ/ഭിത്തി പെയിന്റ് ചെയ്ത് സ്ക്രീനിനു സമാനമാക്കുന്നതിനുള്ള തുക, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം, സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടിഫംഗ്ഷൻ പ്രിന്റർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്വർക്കിംഗ് സംവിധാനം, ഐ.സി.ടി അധിഷ്ഠിത പഠനവിഭവങ്ങൾ, പരിശീലനം തുടങ്ങിയവ കിഫ്ബിയുടെ ധനസഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ - കൈറ്റ് (മുൻ ഐ.ടി.@സ്കൂൾ പ്രോജക്ട്) ലഭ്യമാക്കുന്നു. 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി 2018 ജനുവരി 22 ന് ആരംഭിച്ചു. 2018 ജൂൺ 1 നു മുൻപ് ഈ ക്ലാസ് മുറികളിലേയ്ക്ക് ഐ.സി.ടി. ഉപകരണ വിതരണം പൂർത്തിയാക്കത്തക്കവിധത്തിൽ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. പദ്ധതിയുടെ ഒന്നാം ഘട്ടമായി 21043 ക്ലാസ് മുറികളിലേയ്ക്കുള്ള 20,260 ലാപ് ടോപ്പ് കമ്പ്യൂട്ടർ, 20,234 മൾട്ടി മീഡിയ പ്രൊജക്ടർ, 8,545 വൈറ്റ് സ്ക്രീൻ, 11,236 |

പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 11,701 ഫേസ് പ്ലേറ്റ്, 11,752 എച്ച്.ഡി.എം.ഐ. കേബിൾ എന്നിവ വിതരണം ചെയ്തു.

ബി) കഴിഞ്ഞ വർഷം ഈ പദ്ധതിയിൽ ലാപ് ടോപ്പുകൾ വാങ്ങിയത് ഏത് സ്ഥാപനത്തിൽ നിന്നായിരുന്നുവെന്ന് അറിയിക്കാമോ; എത്ര ലാപ് ടോപ്പുകൾ വാങ്ങിയെന്നും അതിന് ഒരോന്നിനും എത്ര രൂപയായിയെന്നും അറിയിക്കാമോ;

ബി) പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ വഴി ദേശീയ ടെണ്ടർ വിളിച്ചാണ് കഴിഞ്ഞ വർഷം വരെ ഐ.ടി.@സ്കൂൾ ലാപ് ടോപ്പുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമാക്കിയിരുന്നത്. ഇതിനു മുൻപ് കെൽട്രോണിൽ നിന്നും ഇങ്ങനെ നടത്തിയ രണ്ട് പർച്ചേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കീം | വാങ്ങിയ മാസം ,വർഷം | വാങ്ങിയ എണ്ണം | യൂണിറ്റ് വില | നികുതി (5%) | ഒരു ലാപ് ടോപ്പിന്റെ ആകെ തുക (രൂപ) |
|---|---|---|---|---|---|
| ഐ.ടി@സ്കൂൾ | 2015 മാർച്ച് | 4400 | 35857.5 | 1792.875 | 37650.375 |
| ഹൈ ടെക്സ്കൂൾ | 2017 ജനുവരി | 3173 | 26400 | 1320 | 27720 |

സി) ഇപ്രാവശ്യം കഴിഞ്ഞ തവണ ലാപ് ടോപ്പ് നൽകിയ സ്ഥാപനത്തെ ഒഴിവാക്കി ഐറ്റി അറ്റ് സ്കൂൾ നേരിട്ട് ടെൻഡർ ക്ഷണിച്ച് ലാപ് ടോപ്പ് വാങ്ങിയിട്ടുണ്ടോ;

സി) ഐ.ടി.@സ്കൂൾ പ്രോജക്ടിനെ 'കൈറ്റ്' എന്ന പേരിൽ സർക്കാർ കമ്പനിയാക്കി മാറ്റി 'കിഫ്ബി' പ്രോജക്ടുകൾ നടപ്പാക്കാൻ ചുമതലപ്പെടുത്തിയതനുസരിച്ച് 'കൈറ്റ് ' നേരിട്ട് ടെണ്ടർ വിളിച്ചാണ് ഹൈടെക് സ്കൂൾ പദ്ധതിയ്ക്കായുള്ള ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നത്.

ഡി) ഇപ്രകാരം ലാപ് ടോപ്പ് വാങ്ങിയത് എത്ര രൂപയ്ക്കായിരുന്നുവെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ പ്രാവശ്യത്തെക്കാൾ കൂടിയവിലയ്ക്കാണ് വാങ്ങിയതെങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു വെന്നറിയിക്കാമോ?

ഡി) 2017 ആഗസ്റ്റിൽ നടത്തിയ ഹൈടെക് സ്കൂൾ പ്രോജക്ട് ടെണ്ടർ വഴി ലാപ് ടോപ് വാങ്ങിയ വിശദാംശങ്ങൾ :

യൂണിറ്റ് വില : **24,960/-**

നികുതി(ജി.എസ്.ടി. @ 18%):4,493/-

ആകെ : 29,453/-

ലാപ് ടോപ്പിന്റെ യൂണിറ്റ് വില കഴിഞ്ഞ പ്രാവശ്യത്തെക്കാൾ കൂടിയിട്ടില്ല.

സെക്ഷൻ ഓഫീസർ